Draft #10 of File AcA4/1/128952/Integrated Programmes/2021 (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 19-Feb-2022 03:01 PM - Page 1

15
YEARS OF
CELEBRATING
THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM
विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിച്ചിട്ടുള്ള ഇന്റഗ്രേറ്റഡ് പിജി പ്രോഗ്രാമുകൾ- ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശകൾ പ്രകാരം പരിഷ്കരിച്ച റെഗുലേഷൻ, പരിഷ്കരിച്ച കോഴ്സ് സ്ട്രക്ചർ (സ്കീം),ഒന്നും രണ്ടും സെമസ്റ്ററുകളുടെ സിലബസ് ,കോഴ്സ് കോഡുകൾ എന്നിവ -അക്കാദമിക് കൗൺസിൽ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 4 സെക്ഷൻ**

നമ്പർ. 1743/AC A 4/2022/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 19.02.2022

---

*പരാമർശം:*-1 .12 .01 .2021 ലെ 218 / AC A9/2021/എംജിയു നമ്പർ സർവകലാശാല ഉത്തരവ്
2 .15 .08.2021 ലെ 3993 /ACL/2021/എം ജി യു നമ്പർ സർവകലാശാല ഉത്തരവ്
3 .22.12.2021 ൽ കൂടിയ അക്കാദമിക് കൗൺസിൽ യോഗത്തിന്റെ മിനിറ്റ്സ് ഇനം നമ്പർ. 165/AcA4/1/128952/Integrated Programmes/2021(PART-I) (31.01.2022ൽ കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (22.01)ഇനം നമ്പർ.01/22.01/220002 ആയി സമർപ്പിച്ചത് )

**ഉത്തരവ്**

2020 -21 അധ്യായനവർഷം മുതൽ സർവകലാശാലയുടെ കീഴിലുള്ള ഏതാനും അഫിലിയേറ്റഡ് കോളേജുകളിൽ ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്- **ഡാറ്റാ സയൻസ്** ,ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് -**ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ്**, ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ് -**ഫിസിക്സ്**, ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ്- **കെമിസ്ട്രി** ,ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ്-**സ്റ്റാറ്റിസ്റ്റിക്സ്** ,ഇന്റഗ്രേറ്റഡ് എം എ പ്രോഗ്രാം ഇൻ ലാംഗ്വേജസ്- **ഇംഗ്ലീഷ്** എന്നീ കോഴ്സുകൾ ആരംഭിക്കുന്നതിനു സർക്കാർ അനുമതി ലഭിച്ചിരുന്നു.പരാമർശം 1 ,2 പ്രകാരം ടി പ്രോഗ്രാമുകൾ ഉൾപ്പെടെ പുതുതായി അനുമതി ലഭിച്ച ഇന്റഗ്രേറ്റഡ്/ഇന്റർഡിസിപ്ലിനറി പ്രോഗ്രാമുകളുടെ പ്രാരംഭ സിലബസ്,റെഗുലേഷൻസ് എന്നിവ അംഗീകരിച്ച ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

മേൽ പരാമർശിച്ചിട്ടുള്ള ആറു പ്രോഗ്രാമുകളുടെ റെഗുലേഷൻപരിഷ്കരണം , സ്കീം & സിലബസ് രൂപീകരണവുമായി ബന്ധപ്പെട്ട് നടന്നിട്ടുള്ള വിവിധ ബോർഡ് ഓഫ് സ്റ്റഡീസ് യോഗങ്ങളുടെ ശുപാർശകൾ അക്കാദമിക് കൗണ്സിലിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനു ബഹു.വൈസ് ചാൻസിലർ ഉത്തരവായിരുന്നു.തദനുസരണം അക്കാദമിക് കൗൺസിലിനു മുൻപാകെ സമർപ്പിച്ചിരുന്ന പ്രസ്തുത വിഷയത്തിന്മേൽ പരാമർശം (3 )പ്രകാരം താഴെ ചേർക്കുംവിധം തീരുമാനമായിരിക്കുന്നു .

'2020-21 അധ്യായനവർഷം മുതൽ സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ ആരംഭിക്കുന്നതിനു സർക്കാർ അനുമതി ലഭിച്ച ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്- ഡാറ്റാ സയൻസ് ,ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ് -ആർട്ടിഫിഷ്യൽ ഇന്റെലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ്,

ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ് -ഫിസിക്സ്, ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ്- കെമിസ്ട്രി , ,ഇന്റഗ്രേറ്റഡ് എം എ പ്രോഗ്രാം ഇൻ ലാംഗ്വേജസ്- ഇംഗ്ലീഷ് എന്നീ പ്രോഗ്രാമുകളുടെ സ്കീം ,ആദ്യ രണ്ടു സെമെസ്റ്ററുകളുടെ സിലബസ് എന്നിവയും ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ്- സ്റ്റാറ്റിസ്റ്റിക്സിന്റെ പൂർണ്ണമായ സ്കീം & സിലബസ് എന്നിവയും അംഗീകരിക്കുന്നതിനും ,ടി പ്രോഗ്രാമുകളുടെ ആദ്യ 6 സെമസ്റ്ററുകൾ വിജയകരമായി പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾക്ക് ഇന്ററിം എക്സിറ്റും കൂടാതെ ടി പ്രോഗ്രാമുകളിലേക്ക് ലാറ്ററൽ എൻട്രി എന്നീ വ്യവസ്ഥകൾ ഉൾപ്പെടുത്തിയും കോർ, ഇലക്ടീവ്, കോംപ്ലിമെന്ററി വിഷയങ്ങൾ, അവയുടെ ക്രെഡിറ്റുകൾ ഉൾപ്പെടെയുള്ള വിശദാംശങ്ങൾ കൂട്ടിച്ചേർത്തും പരിഷ്കരിച്ച കോഴ്സ് സ്ട്രക്ചർ ഉൾപ്പെട്ട പരിഷ്കരിച്ച റെഗുലേഷൻ അംഗീകരിക്കുന്നതിനും ഓരോ കോഴ്സ് ടൈപ്പും പ്രത്യേകമായി സൂചിപ്പിച്ച് Course Mapping Portal -ന് അനുയോജ്യമായ രീതിയിൽ തയ്യാറാക്കിയ കോഴ്സ് കോഡുകൾ അംഗീകരിക്കുന്നതിനും പത്താമത്തെ സെമസ്റ്ററിൽ OJT /പ്രോജക്ട് ഉൾക്കൊള്ളിക്കുന്നതിനും ( ഇന്റഗ്രേറ്റഡ് എം എ പ്രോഗ്രാം ഇൻ ലാംഗ്വേജസ്- ഇംഗ്ലീഷ് പ്രോഗ്രാമിന് പത്താമത്തെ സെമെസ്റ്ററിലെ കോഴ്സ് ഘടന - 2 കോർ കോഴ്സസ് + പ്രൊജക്ട് ആൻഡ് വൈവ - എന്നതാണ്) തീരുമാനിക്കുകയുണ്ടായി.

പുതുക്കിയ കോഴ്സ് സ്ട്രക്ചറിൽ ടി പ്രോഗ്രാമുകൾക്ക് 1 - 9 വരെയുള്ള സെമസ്റ്ററുകളിൽ കോർ വിഷയങ്ങളും രണ്ടാമത്തെ സെമസ്റ്ററിൽ സെക്കന്റ് ലാംഗ്വേജ് , ഒന്നാമത്തെയും നാലാമത്തെയും സെമെസ്റ്ററുകളിൽ കോമൺ കോഴ്സ്, 6,8,9 സെമെസ്റ്ററുകളിൽ ഇലക്ടീവ് കോഴ്സ് (ഓരോ വിഷയത്തിനും 3 ഇലക്ടീവ് വിഷയങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പുകൾ - മറ്റുള്ളവയിൽനിന്ന് വ്യത്യസ്തമായി ഇന്റഗ്രേറ്റഡ് എം എസ് സി കമ്പ്യൂട്ടർ സയൻസ്- ഡാറ്റാ സയൻസ് ,ഇന്റഗ്രേറ്റഡ് എം എസ് സി കമ്പ്യൂട്ടർ സയൻസ് -ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേർണിംഗ് ,ഇന്റഗ്രേറ്റഡ് എം എസ് സി പ്രോഗ്രാം ഇൻ ബേസിക് സയൻസസ് -ഫിസിക്സ് എന്നീ പ്രോഗ്രാമുകൾക്ക് 5 ഇലക്ടീവ് ഗ്രൂപ്പുകൾ) എന്നിങ്ങനെ നൽകിയ ഘടനയും അംഗീകരിക്കുന്നതിന് അക്കാദമിക് കൗൺസിൽ തീരുമാനിച്ചു .

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്

സൻജാൻ എ എസ്

അസിസ്റ്റന്റ് രജിസ്ട്രാർ 2 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.വൈസ് ചാൻസിലറുടെ/പ്രൊ വൈസ്ചാൻസിലറുടെ പി.എസുമാർ
2.രജിസ്ട്രാറുടെ/പരീക്ഷ കൺട്രോളറുടെ പി.എമാർ
3.ജെ.ആർ/ഡി.ആർ/എ.ആർ(അക്കാദമിക്/പരീക്ഷ)
4.ഇ.എച്ച് 18/ CETEX/OQPM/ഇ.എ/ഇ.ബി/ എ സി എൽ/ എ സി എ 1 / എ സി എ 7/ എ സി എ 9 സെക്ഷനുകൾ
5.Ac.C 1/2 സെക്ഷനുകൾ
6.പ്രിൻസിപ്പൽ( ബന്ധപ്പെട്ട അഫിലിയേറ്റഡ് കോളേജുകൾ)

Draft #10 of File AcA4/1/128952/Integrated Programmes/2021 (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 19-Feb-2022 03:01 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

7.കണ്ടെന്റ് മാനേജ്മെന്റ് /റെക്കോർഡ് സെക്ഷൻ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #10 of File AcA4/1/128952/Integrated Programmes/2021 (PART-I) Approved by ASSISTANT REGISTRAR II (ACADEMIC) on 19-Feb-2022 03:01 PM - Page 3